ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം – 12,
തീയതി: 25/06/2019.

<u>സർക്കുലർ നം: 24</u>

ചില ജയിലുകളിൽ താഴെ പറയുന്ന കാര്യങ്ങൾ നടക്കുന്നതായി ഇൻറലിജൻസ് വകുപ്പിൽനിന്നും ജയിൽ പരിസരവാസികളിൽനിന്നും എനിക്ക് അറിയിപ്പ് ലഭിക്കുകയുണ്ടായി.

1. ചില തടവുകാർക്ക് വി.ഐ.പി. പരിഗണന നൽകി വരുന്നു
2. ഭക്ഷണം ചട്ടം ലംഘിച്ച് പുറത്ത്നിന്ന് കൊണ്ടുവരുന്നു
3. സന്ദർശനം ചട്ടം ലംഘിച്ച് അനുവദിക്കുന്നു
4. പിരിവ് നടത്തുന്നു
5. അനധികൃതമായി ഫോൺ വിളിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നു

മേൽ വിവരിച്ച കാര്യങ്ങൾ ജയിലുകളിൽ ഒരിക്കലും അനുവദിക്കുവാൻ പാടുള്ളതല്ല. ജയിലിൽ അഴിമതിയും മറ്റ് സൗകര്യങ്ങളുടെ ദുരുപയോഗവും തടയുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ സൂപ്രണ്ടുമാർ നടപ്പിലാക്കേണ്ടതാണ്.

(1) വകുപ്പദ്ധ്യക്ഷൻറെ അനുവാദമില്ലാതെ തന്നെ സൂപ്രണ്ടുമാർ ജയിലും പരിസരവും മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
(2) മൊബൈൽ ഫോൺ, ബീഡി, കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കൾ, ആയുധങ്ങൾ തുടങ്ങിയവ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻറെ പേര് വകുപ്പദ്ധ്യക്ഷനെ അറിയിക്കേണ്ടതാണ്.
(3) ജയിൽ സന്ദർശന സമയം ചട്ടപ്രകാരം മാത്രം അനുവദിക്കുക.
(4) പരോൾ ശുപാർശ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് മാത്രം സമർപ്പിക്കുക.
(5) വി.ഐ.പി. പരിഗണന ആർക്കും അനുവദിക്കുവാൻ പാടുള്ളതല്ല.

ഇൻറലിജൻസിൽനിന്നോ നാട്ടുകാരിൽനിന്നോ ഇനിയും മേൽ പ്രസ്താവിച്ചതുപോലെയുള്ള പരാതികൾ ലഭിച്ചാൽ ബന്ധപ്പെട്ട സൂപ്രണ്ടുമാർ അതിന് ഉത്തരവാദിയായിരിക്കുന്നതും ആയതിന് സൂപ്രണ്ടിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതുമായിരിക്കും.

ഋഷിരാജ് സിംഗ് ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്.

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

പകർപ്പ്: എല്ലാ മേഖലാ ഡി.ഐ.ജി.മാർക്കും.